മാതൃഭൂമി
Mathrubhumi Seed
Student Empowerment for Environmental Development
In partnership with FEDERAL BANK
പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 25 OCTOBER 2023

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page: 4

ഇത് അതിശയം തന്നെ
Page: 11

കാട്ടിലെക്കാര്യം
Page: 5

തെറ്റ് ശരി
Page: 12

കേരളം അറിയാൻ
Page: 6

ലോകം എങ്ങനെ
Page: 13

ചിറകുള്ള ചങ്ങാതിമാർ
Page: 7

പൂവറിവ്
Page: 8

ഈ ഫോട്ടോ കാണാം
Page: 8

കൃഷിക്കാര്യം
Page: 9

വർണച്ചിറക്
കഥ - കവിത
Page: 15-16

സിനിമാപാട്ടിലെ പ്രകൃതി
Page: 10


Cover photo: Shutterstock




മാതൃഭൂമി
# ആകാശപ്പച്ച
2023 ഒക്ടോബർ



# ചെറുതാകാത്തവർ

**ചെ**റിയൊരു മാസികയെപ്പറ്റി പറയുമ്പോൾ 25 ലക്കങ്ങൾ എന്നത് ചെറിയ സംഖ്യയല്ല. മാതൃഭൂമി സീഡ് പ്രസിദ്ധീകരിക്കുന്ന 'ആകാശപ്പച്ച' ഡിജിറ്റൽ മാഗസിന്റെ 25–ാം ലക്കമാണ് ഇത്. എല്ലാ ലക്കത്തിലും, മികച്ചതും വൈവിധ്യമുള്ളതുമായ രചനകൾ ഉൾപ്പെടുത്താൻ കഴിഞ്ഞത് അധ്യാപകരുടെയും സീഡ് വിദ്യാർഥികളുടെയും ആത്മാർഥമായ പ്രവർത്തനംകൊണ്ട് മാത്രമാണ്. എല്ലാവർക്കും അഭിനന്ദനങ്ങൾ. ചെറിയ, മികച്ച ചിന്തകളുമായി നമുക്ക് മുന്നോട്ട് ഒരുമിച്ച് നീങ്ങാം.


# മുറിവേൽക്കുന്ന ജലം

മനുഷ്യരെത്താത്ത കാടുകളിലാണ് ഏറ്റവും നല്ല ജലമുള്ളത്. ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ വിപത്തുകളിലൊന്നാണ് ജലമലിനീകരണം. എന്നാൽ അതിനെ പലരും ഒരു പ്രധാന വിഷയമായി കാണുന്നില്ല. ജലം വളരെ അമൂല്യമാണ്. ലഭ്യമായ ജലം പരിശുദ്ധിയോടെ കാത്തുസൂക്ഷിക്കേണ്ട ഉത്തരവാദിത്വം നമ്മുടെതാണ്. ജലത്തെ മറന്നാൽ അതിന്റെ ആഘാതം വലുതായിരിക്കും. പറഞ്ഞറിയിക്കാൻ കഴിയാത്തവിധം അത് അപകടകരവുമായിരിക്കും. കുടിവെള്ളം കാശ് കൊടുത്ത് വാങ്ങുന്ന ശീലം ഇന്ന് സാധാരണമാണ്. ഇനിയൊരു യുദ്ധം ഉണ്ടാകുന്നെങ്കിൽ അത് ജലത്തിനുവേണ്ടിയായിരിക്കും എന്ന് പറഞ്ഞുകേട്ടപ്പോൾ ചിരിച്ചുതള്ളിയവരായിരിക്കാം പലരും. പക്ഷേ, ഇന്ന് അത് യാഥാർഥ്യമായിക്കൊണ്ടിരിക്കുന്നു. അതെ, നാളെ ഒരു ലോകമഹായുദ്ധം ഉണ്ടാകുന്നത് കുടിവെള്ളത്തിനുവേണ്ടിയായിരിക്കും. കരുതിയിരിക്കുക.

ആദിശങ്കരൻ
ഗവ.എച്ച്.എസ്.എസ്.കടമ്മനിട്ട
പത്തനംതിട്ട

കേരളം അറിയാൻ

# പുകയില്ലാ വാഹനം!



കേരളം നേരിടുന്ന പരിസ്ഥിതിവിഷയങ്ങളിൽ ഏറ്റവും പ്രധാനം അന്തരീക്ഷമലിനീകരണമാണ്. ഒരു ഘനമീറ്റർ വായുവിൽ 60 മില്ലിഗ്രാംവരെ പൊടിപടലങ്ങൾ അനുവദനീയമാണെങ്കിലും നിലവിൽ പലയിടത്തും 104 മില്ലിഗ്രാംവരെ കണ്ടെത്തിയിട്ടുണ്ട്. എറണാകുളത്തെ ഇരുമ്പനം, കോട്ടയത്തെ നാഗമ്പടം, വടവാളർ, കണ്ണൂരിലെ മാങ്ങാട്ടുപറമ്പ് എന്നിവിടങ്ങളിൽ വായുമലിനീകരണം പരിധിക്ക് പുറത്താണ്. ദേശീയ ശരാശരിയെക്കാൾ വർധിച്ചുവരുന്ന വാഹനപ്പെരുപ്പമാണ് കേരളത്തിലെ വായുമലിനീകരണത്തിന് പ്രധാന കാരണം. കേരളത്തിൽ ആകെ കുടുംബങ്ങളുടെ എണ്ണത്തെക്കാളും അധികമാണ് വാഹനങ്ങളുടെ എണ്ണം. പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് പകരം ഇന്ന് പരിസ്ഥിതിക്ക് യാതൊരു ഹാനിയും വരുത്താത്ത ഇലക്ട്രിക് വാഹനങ്ങൾ പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നു. ഇത് ഒരു പരിധിവരെ വാഹനങ്ങളുണ്ടാക്കുന്ന വായുമലിനീകരണത്തിന് പരിഹാരമാണ്.

പവിത്ര
ജി.ജി.എച്ച്.എസ്.എസ്.
കണ്ണിയകുളങ്ങര
തിരുവനന്തപുരം




# ആറ്റക്കുരുവി

പ്രജനനകാലത്തെ ആൺപക്ഷികളുടെ മൂർധാവിന് മഞ്ഞ നിറമാണ്. മുകൾഭാഗം ഇരുണ്ട കാപ്പിനിറത്തിൽ മഞ്ഞ വരകളും പാടുകളും നിറഞ്ഞതാണ്. തൊണ്ടയ്ക്കും ചെവിത്തടത്തിനും ഇരുണ്ട നിറം. മാറിടം മഞ്ഞനിറത്തിലും അടിഭാഗം മങ്ങിയ മഞ്ഞനിറത്തിലും കാണാം. പെൺപക്ഷികളുടെ മങ്ങിയ മഞ്ഞ നിറത്തിലുള്ള മുകൾഭാഗം ഇരുണ്ട വരകളും പാടുകളും നിറഞ്ഞതാണ്. കൺപുരികം മങ്ങിയ മഞ്ഞനിറത്തിലാണ്. പ്രജനനേതരകാലത്ത് ആൺപക്ഷികളുടെ മുകൾഭാഗത്തെ പാടുകൾ പെൺപക്ഷികളെക്കാൾ ഇരുണ്ടതായിരിക്കും. വെള്ളക്കെട്ടുകളിലും വയലുകളിലും പുൽമേടുകളിലും കാണപ്പെടുന്നു.

നിവേദ് എം.
ജി.എച്ച്.എസ്. തച്ചങ്ങാട്
കാസർകോട്




അനുപമ രാജീവ്
സീഡ് കോഡിനേറ്റർ
കരിയാട് നമ്പ്യാർസ് H.S.S.കണ്ണൂർ

കൃഷിക്കാര്യം

# Mulching farming

# മൾച്ചിങ് കൃഷി



കളനിയന്ത്രണത്തിനും ചെടികൾക്ക് ലഭ്യമാകുന്നവിധത്തിൽ മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനുമായി മണ്ണിന്റെ മുകൾഭാഗം പ്രത്യേക ഷീറ്റ് ഉപയോഗിച്ച് മൂടി ചെറിയ ദ്വാരങ്ങളുണ്ടാക്കി അതിൽ തൈകൾ നട്ടുവളർത്തുന്നതാണ് മൾച്ചിങ് കൃഷിരീതി. കുറഞ്ഞ പരിചരണവും കുറഞ്ഞ ജല ഉപഭോഗവും മതിയെന്നതാണ് ഈ കൃഷിരീതിയുടെ പ്രത്യേകത. കളകളുടെയും കീടങ്ങളുടെയും ശല്യമില്ല. നിലമൊരുക്കിയശേഷം ജൈവവളം ചേർത്ത് മണ്ണ് നീളത്തിൽ കൂനയാക്കും. ഇതിന് മുകളിൽ മൾചിങ് ഷീറ്റ് വിരിച്ച് നിശ്ചിത അകലത്തിൽ ദ്വാരമിടും, ഇതിലാണ് പച്ചക്കറിത്തൈകൾ നടുന്നത്. നല്ല വിളവ് ഉണ്ടാക്കുന്നതിന് ഈ കൃഷിരീതി ഏറെ സഹായകമാണ്.

വേദിക പ്രശാന്ത്
ശ്രീശങ്കര വിദ്യാപീഠം S.S.സ്കൂൾ
മട്ടന്നൂർ, കണ്ണൂർ

# ഓർമയിലെ മർമരങ്ങൾ

ഈ പുഴയും കുളിർകാറ്റും
മാഞ്ചോടും മലർകാവും
മാനോടും താഴ്‌വരയും
ഓർമയിലെ മർമരങ്ങൾ

കഴിഞ്ഞ നാളിലെ വഴിയിൽ
കൊഴിഞ്ഞ പീലികൾ പെറുക്കി
മിനുക്കുവാൻ തലോടുവാൻ
മനസ്സിലെന്തൊരു മോഹം

"മയൂഖം" എന്ന ചിത്രത്തിൽ മങ്കൊമ്പ് ഗോപാലകൃഷ്ണൻ എഴുതി, ബോംബെ രവി ഈണം പകർന്ന് കെ.എസ്. ചിത്ര ആലപിച്ച മനോഹരമായ ഗാനത്തിലെ വരികളാണിവ. പുഴയും കുളിർകാറ്റും മാവിൻചുവടുകളും എല്ലാം ഓരോ മനുഷ്യന്റെയും ഗൃഹാതുര ഓർമകൾതന്നെ. എത്ര അനുഭവിച്ചാലും മതിവരാത്ത കുഞ്ഞുനാളിലെ ഓർമകളൊക്കെ മയിൽപ്പീലിത്തുണ്ടുപോലെ ആകാശം കാണാതെ ഒളിപ്പിച്ചുവയ്ക്കാൻ ഏതൊരാളുടെയും മനസ്സ് കൊതിക്കുന്നുണ്ടാവും. പ്രകൃതി നൽകുന്ന ഈ നവ്യാനുഭൂതിയിൽ ഇളംകാറ്റേറ്റ് മയങ്ങാൻ ഇനിയുമിനിയും ജന്മങ്ങൾ ഉണ്ടായെങ്കിൽ.

മിത്രാ കിനാത്തിൽ
എ.യു.പി.എസ്. ഉള്ളിയേരി
കോഴിക്കോട്



# കാത്തിരുന്ന് പൂക്കുന്നവർ

**കോ**ടമഞ്ഞ് മൂടിക്കിടക്കുന്ന സഹ്യന്റെ ചില ഭാഗങ്ങളിൽ മാത്രം 12 വർഷത്തിലൊരിക്കൽ നീലവസന്തം വിരിയുന്നു. മനോഹരമായ കുറിഞ്ഞിക്കാലം! അതിനുശേഷം താഴ്‌വര, പൂക്കളൊഴിഞ്ഞ് വീണ്ടും ഉറക്കത്തിലേക്ക് പോകുന്നു. കൂട്ടപ്പൂവിടലിനുശേഷം ചെടികൾ ഉണങ്ങി, വിത്ത് മണ്ണിൽ വീണ് മുളച്ച്, ഒരു വ്യാഴവട്ടത്തിന്റെ കാത്തിരിപ്പിനൊടുവിലാണ് ഓരോ നീലക്കുറിഞ്ഞിവസന്തവും വന്നെത്തുന്നത്. ഇത്രത്തോളം മനോഹരമായ മറ്റൊരു കാഴ്ച പശ്ചിമഘട്ടത്തിൽ വേറെയില്ല.

വൈഗാ രാജേഷ്
ഗവ. എച്ച്.എസ്.എസ്. വീയപുരം
ആലപ്പുഴ





"പാമ്പിന് പാലുകൊടുക്കുക" എന്നൊരു ചൊല്ല് നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ട്. പാമ്പിന്റെ ആമാശയത്തിൽ പാൽ ദഹിപ്പിക്കാൻ സഹായിക്കുന്ന രാസവസ്തുക്കൾ ഇല്ല. അതുകൊണ്ടുതന്നെ സ്വാഭാവികമായി പാമ്പുകൾ പാല് കുടിക്കാറില്ല. എന്നാൽ പാമ്പുകൾ പാല് കുടിക്കുന്ന ചില വീഡിയോകൾ കാണാം. വെള്ളം കിട്ടാതെ ദാഹിച്ച് വലയുന്ന അവസരത്തിൽ പാമ്പുകൾ ഇങ്ങനെ ചെയ്യുന്നതാണെന്നാണ് നിഗമനം. അതിനായി പാമ്പുകളെ ഭക്ഷണവും വെള്ളവും കൊടുക്കാതെ പട്ടിണിക്കിടുമത്രേ! അത് എന്തെങ്കിലും വിദ്യയാവട്ടെ, എന്തായാലും പാമ്പുകൾ സ്വാഭാവികമായി പാല് കുടിക്കാത്ത ജീവികളാണ്.

വരദലക്ഷ്മി സി.ബി.
ജി.ഡി.എം.എൽ.പി.എസ്. വലപ്പാട്
തൃശ്ശൂർ

# വലിച്ചെറിയുന്ന ദുരന്തം

"ഉപയോഗിക്കുക വലിച്ചെറിയുക" എന്ന മുദ്രാവാക്യത്തിൽ വളരുന്ന പുതുതലമുറ നേരിടാൻപോകുന്ന ഏറ്റവും വലിയ പ്രശ്നമാണ് ഇ–മാലിന്യം. ആധുനികലോകം ശ്രദ്ധിക്കേണ്ട പ്രധാന പരിസ്ഥിതിവിഷയമാണ് ഇ–വേസ്റ്റ് നിർമാർജനം. പണ്ട് ഒരു വീട്ടിൽ ഒരു ലാൻഡ് ഫോൺ, ഒരു ടി.വി. ഒക്കെയായിരുന്നു ഉപയോഗിച്ചിരുന്നത്. ഇപ്പോൾ ഒരാൾക്കുതന്നെ രണ്ടും മൂന്നും ഫോണും കുടുംബത്തിൽ ഓരോ അംഗങ്ങൾക്കും പ്രത്യേകം ടി.വി.യും എല്ലാ മുറികളിലും എ.സി.യും ഒക്കെയായി കഴിഞ്ഞു.



ഇവയെല്ലാം നാളത്തെ ഇ–മാലിന്യങ്ങളാകുന്നു. ലോകരാജ്യങ്ങളിൽതന്നെ ഏറ്റവും കൂടുതൽ ഇ–വേസ്റ്റ് ഉത്പാദിപ്പിക്കുന്നത് ചൈനയാണ്. ഇലക്ട്രോണിക് ഉപയോഗം കുറയ്ക്കുക, "പുനരുപയോഗിക്കുക, പുനർനിർമിക്കുക" എന്ന തത്ത്വങ്ങളിൽ മുറുകെ പിടിച്ച് മുന്നോട്ടുപോയാൽ ഭാവിതലമുറയ്ക്ക് ആശ്വാസമാവും.

മറിയ
മാർത്തോമ പബ്ലിക് സ്കൂൾ
കാക്കനാട്, എറണാകുളം

# പറുദീസപ്പക്ഷി
## Bird of paradise



**പേ**ര് കേട്ടിട്ട് പക്ഷിയാണെന്ന് കരുതിയോ? അല്ല കേട്ടോ... ഒറ്റ നോട്ടത്തിൽ ചിറക് വിടർത്തി നിൽക്കുന്ന പക്ഷിയോട് സാദൃശ്യമുള്ള പൂവാണിത്. ദക്ഷിണാഫ്രിക്കയിലെ ഉഷ്ണമേഖല തീരങ്ങളിലാണ് കൂടുതലായും കാണുന്നത്.

സ്മിത പി.ആർ.
അധ്യാപിക,
ആര്യൻചിറ യു.പി. സ്കൂൾ, ഷൊർണൂർ

വർണച്ചിറക്
കവിത



# ഹരിതം

ഇടവമാസപ്പുലരിയിൽ
തളിരിലകൾ പെയ്യും വഴികളിൽ
ഇടവിടാതലയുന്നു കാറ്റും
ഇഴവിടാതെൻ സ്മൃതികളും

നീളുമീ വഴി താണ്ടുവാനെൻ
ബാല്യമേറെ കൊതിച്ചതും
ഈറനാം മലരിതളുകൾ എൻ
കണ്ണിലിറ്റുപതിച്ചതും
വെയിലിനറിയാ കാവുകൾ
ഇടതൂർന്നു തണലു വിരിച്ചതും
ഇലകളിൽ മഴ പെയ്ത മർമരത്താലെ
ഞാൻ കുളിരാർന്നതും

ചേരുമീ പകലിരവുകൾക്കു
നിറങ്ങളേകിയ സന്ധ്യയും
ആൽമരത്തിൻ ചോട്ടിലെരിയും
കൽവിളക്കിലെ നാളവും

ഓർമകൾക്കു സുഗന്ധമേകും
പാലപൂത്തൊരു തൊടികളും
കാത്തിരുന്നാൽ വരികയില്ലിവ
യോർത്തു നിർവൃതിയടയണം .

വിസ്മയ ബി.
ഗവ. യു.പി.എസ്. കടയ്ക്കൽ, കൊല്ലം

വർണച്ചിറക് | കഥ

# ശലഭഗീതം

മീനുക്കുട്ടിക്ക് അന്ന് സ്കൂളില്ലാത്ത ദിവസമായിരുന്നു. പൂക്കളോട് കിന്നാരം പറഞ്ഞും കുഞ്ഞിക്കിളികളുടെ പാട്ടിന് എതിർപാട്ട് പാടിയും അവൾ പാറിപ്പറന്നു. അപ്പോഴാണ് തന്റെ കുഞ്ഞുടുപ്പിന്റെ വർണങ്ങളിൽ തേൻ നുകരാൻ കൊതിക്കുന്ന ഒരു കൊച്ചുപൂമ്പാറ്റയെ അവൾ കാണുന്നത്. അവൾ ആ കുഞ്ഞുപൂമ്പാറ്റയെ കൈകളിൽ കോരിയെടുത്തു. അവർ പെട്ടെന്ന് കൂട്ടുകാരായി. മീനുക്കുട്ടി ഒരിക്കലും കണ്ടിട്ടില്ലാത്ത മനോഹരകാഴ്ചകൾ സമ്മാനിച്ചുകൊണ്ട് പൂമ്പാറ്റ തന്റെ വർണങ്ങളുടെ ലോകവും പൂക്കളുടെ ഗന്ധവും പൂന്തേനിന്റെ മാധുര്യവും നിറഞ്ഞ മറ്റൊരു ലോകം തുറന്നു. പെട്ടെന്നാണ് അമ്മയുടെ വിളി, “ മീനൂട്ടി…, നീ ഇതുവരെ ഉണർന്നില്ലേ… സ്കൂളിൽ പോകണ്ടേ…”” എന്റെ കുഞ്ഞുപൂമ്പാറ്റ എവിടെ? അവൾ അവിടെല്ലാം നോക്കി. പുറത്തേക്ക് ഓടി. അവിടെയും കണ്ടില്ല കുഞ്ഞുപൂമ്പാറ്റയെ. അവൾ ഉമ്മറപ്പടിയിൽ ചെന്നിരുന്നു. സ്വപ്നത്തിലെ കുഞ്ഞുപൂമ്പാറ്റയെ താനിനി എവിടെ തിരയും. എല്ലാം ഒരു സ്വപ്നമാണെന്ന് തിരിച്ചറിഞ്ഞ മീനൂട്ടി വീണ്ടും പതിവുപോലെ സ്കൂളിലേക്ക്…




ബിൻസി ജോസഫ്
ടീച്ചർ കോ ഓർഡിനേറ്റർ
സി.എം.എസ്.എച്ച്.എസ്., പള്ളം
കോട്ടയം

മാതൃഭൂമി

# ആകാശപ്പച്ച

പണ്ട് കാട് വെട്ടിത്തെളിച്ചവർക്ക്
പട്ടും വളയും നൽകിയിട്ടുണ്ട്.
ഇന്നുമുണ്ട് പട്ടും വളയും;
കാടിനെ നെഞ്ചോട് ചേർത്തുവയ്ക്കുന്നവന്
അത് നൽകില്ലെന്ന് മാത്രം!

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം

വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed